## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2880** — **13-02-2024 - ൽ മറുപടിയ്ക്ക്**

## കൺസ്യൂമർഫെഡിന്റെ കീഴിലെ നീതി മെഡിക്കൽ സ്റ്റോറുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കൺസ്യൂമർഫെഡിന്റെ കീഴിലെ നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്നതിനുള്ള മരുന്നുകളുടെ ശേഖരണ രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇതിനായി വൻകിട മരുന്നുകമ്പനികളിൽ നിന്നും നേരിട്ടു മരുന്നു വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | നിലവിൽ വൻകിട മരുന്നു കമ്പനികളിൽ നിന്നും നേരിട്ടോ അവരുടെ സി & എഫ് ഏജൻസികൾ മുഖാന്തിരമോ ആണ് മരുന്നുകൾ വാങ്ങുന്നത്. |
| (സി) | ഇങ്ങനെ കമ്പനികളിൽ നിന്നു നേരിട്ടു ശേഖരിക്കുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കുള്ള സംവിധാനത്തെക്കുറിച്ചുള്ള വിശദവിവരം നല്കാമോ; സഹകരണ വകുപ്പിനു കീഴിലെ മെഡിക്കൽ സ്റ്റോറുകളുടെ എണ്ണത്തിൽ വർദ്ധനവു വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ; | (സി) | മരുന്നുകളുടെ ഗുണനിലവാര പരിശോധന ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിൽ നിക്ഷിപ്തമാണ്. ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിൽ നിന്നും മരുന്നുകളുടെ മൊത്ത വ്യാപാരത്തിന് ലൈസൻസ് ലഭിച്ച സ്ഥാപനങ്ങളിൽ നിന്ന് മാത്രമേ കൺസ്യൂമർഫെഡ് മരുന്നുകൾ ശേഖരിക്കുന്നുള്ളു. നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിനായി സഹകരണ സംഘങ്ങൾ ക്രമപ്രകാരം സമർപ്പിക്കുന്ന അപേക്ഷ പരിശോധിച്ച ശേഷം ആയതിന് അനുമതി നൽകി വരുന്നുണ്ട്. |
| (ഡി) | മരുന്നുകളുടെ ശേഖരണം, വിതരണം എന്നിവയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കാമോ? | (ഡി) | മരുന്നുകളുടെ ശേഖരണത്തിനും വിതരണത്തിനുമായി കൺസ്യൂമർഫെഡിന്റെ കീഴിൽ 12 മെഡിക്കൽ വെയർ ഹൗസുകൾ പ്രവർത്തിക്കുന്നു. 12 വെയർഹൗസുകളിലും നിശ്ചിത ഊഷ്മാവിൽ സൂക്ഷിക്കേണ്ട മരുന്നുകൾക്കായുള്ള സ്റ്റോറേജ് സംവിധാനം നിലവിലുണ്ട്. സൺലൈറ്റ് സെൻസിറ്റീവായ മരുന്നുകൾക്ക് അപ്രകാരം വേണ്ടുന്ന സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. പ്രസ്തുത വെയർഹൗസുകളിൽ നിന്ന് സഹകരണ സംഘങ്ങൾ നടത്തുന്ന മെഡിക്കൽ സ്റ്റോറുകളുടെ ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ മരുന്നുകൾ വാതിൽപ്പടി വിതരണം ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ